# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 255    02/03/2020-ൽ മറുപടിക്ക്

### കുടുംബാസൂത്രണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | കുടുംബാസൂത്രണരംഗത്ത് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | എ) | കുടുംബാസൂത്രണത്തിന്റെ ഭാഗമായി, ഗർഭ നിരോധന മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിൽ നിന്ന് നടത്തി വരുന്നു.<br>സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ഗർഭ നിരോധന ഗുളികകൾ, കോണ്ടംസ് എന്നിവ ആവശ്യക്കാർക്ക് സൗജന്യമായി നൽകുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ മറ്റ് ആശുപത്രികൾ എന്നിവ വഴി IUCD (Intra Uterine Contraceptive Device) സേവനങ്ങൾ നൽകുന്നു.<br>നിശ്ചിത ദിവസങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പ്രസവം നിർത്തുന്നതിനുള്ള ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇതു കൂടാതെ NSV (Non Scalpel Vasectomy) ചെയ്യുന്നതിനുള്ള സൗകര്യവും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ലഭ്യമാണ്. |
| ബി) | ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബാസൂത്രണരംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | ബി) | നിലവിലുള്ള കുടുംബാസൂത്രണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ 2017 വർഷം മുതൽ കുത്തി വയ്ക്കാവുന്ന കോൺട്രാസെപ്റ്റീവ് (Injectable Contraceptive) കേരളത്തിലെ സർക്കാർ ആശുപത്രികളിലൂടെ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ